നടന്ന സർവകക്ഷി സമാധാന ചർച്ചയോടനുബന്ധിച്ച് നടന്ന കൂടിയാലോചനകളിൽ സ്വത്ത് വകകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം കൊടുക്കണമെന്ന് വിവിധ നേതാക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്. നാശനഷ്ടങ്ങളുടെ വിശദവിവരങ്ങൾ തയ്യാറാക്കാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ റിപ്പോർട്ട് ലഭിച്ചാൽ അത് പരിശോധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) കാസർഗോഡ് ആകാശവാണിയുടെ എഫ്.എം. സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച്

<u>ശ്രീ. പി. രാഘവൻ</u> : സർ, കാസർഗോഡ് ജില്ലയിൽ ഒരു ആകാശവാണി നിലയം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമുണ്ടായിരുന്നു. അതിന് സ്ഥലം കിട്ടാത്തതിന്റെ ഫലമായി കാലതാമസം നേരിടുന്നു. ഇപ്പോൾ കാസർഗോഡ് ചെമ്പനാട് പഞ്ചായത്തിൽ രണ്ടേക്കർ അറുപത് സെന്റ് പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥലം നൽകുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ലോക്കൽ അഡ്മിനിസ്ട്രേഷൻ മിനിസ്റ്ററുടെ ഓഫീസിൽ നിന്നും അനുകൂലമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പക്ഷെ ഏറ്റവും ഒടുവിൽ ഈ ആകാശവാണി നിലയത്തിനാവശ്യമായ സൗകര്യം ചെയ്തുകൊടുക്കുന്നതിനുവേണ്ടി ഒരു ആക്ഷൻ കൗൺസിൽ അവിടെ ഉണ്ടാക്കിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട എം.പി.ക്ക് ലഭിച്ച ഒരു മറുപടിയിൽ പറഞ്ഞിരിക്കുന്നത് ഇതിനുള്ള കാശ് ഇല്ല എന്നാണ്. സാമ്പത്തികനില മോശമായതിനാൽ ഇപ്പോൾ അനുവദിക്കുന്നതല്ലയെന്നുള്ള ഒരു മറുപടി ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് കൊല്ലം ഇതിന് 10 കോടി രൂപവീതം നീക്കിവെച്ചിരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇപ്പോൾ മാറിവന്ന കേന്ദ്ര ഗവൺമെന്റ് അത് നിഷേധിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നുള്ളതിന്റെ സൂചനയാണ് എം.പി.ക്ക് ലഭിച്ചിട്ടുള്ള ഈ കത്ത്. അതുകൊണ്ടാണ് ഞാൻ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിലിടപെടുകയും സ്ഥലം നൽകാനാവശ്യമായ നടപടിയും അതുപോലെതന്നെ നഷ്ടപ്പെട്ടുപോകുമെന്ന സ്ഥിതിയിൽ നിന്നും ആകാശവാണി നിലയം ലഭിക്കാനാവശ്യമായ നടപടിയുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഇ.കെ. നായനാർ</u>) : സർ, ആകാശവാണി എഫ്.എം. സ്റ്റേഷൻ കാസർഗോഡ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട്. എഫ്.എം. നിലയത്തിനാവശ്യമായ സ്ഥലം കൈമാറ്റം ചെയ്തുകൊടുക്കാത്തതാണ് ഇതിന്റെ പ്രവർത്തനമാരംഭിക്കാൻ താമസിക്കുന്നതിനുള്ള കാരണം എന്ന് ഞാൻ മനസ്സിലാക്കുന്നു. 1999-2000-ലെ പ്ലാൻ സ്കീമിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. സ്ഥലം ലഭ്യമാക്കിയാൽ അടുത്ത സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഇത് ഉൾപ്പെടുത്തുന്നതാണെന്ന് അറിയുന്നു. ഈ സാഹചര്യത്തിൽ കാസർഗോഡ് എഫ്.എം. നിലയത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ അടിയന്തിരമായി കൈകൊള്ളുന്നതാണ്.

(4) പെൻഷൻകാരുടെ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച്

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ, കേരളത്തിലെ മൂന്ന് ലക്ഷത്തോളം വരുന്ന സർവ്വീസ് പെൻഷൻകാരോടുള്ള സംസ്ഥാന സർക്കാരിന്റെ അവഗ

LIBRARY ARCHIVES Kerala Legislative Assembly

ണന അവസാനിപ്പിച്ച് അവരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിച്ച് നൽകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നത്. കാലാനുസൃതമായി പെൻഷൻകാരുടെ പെൻഷൻ നിയമവും നയവും നടപ്പാക്കണമെന്നതാണ് പ്രധാനപ്പെട്ട ആവശ്യം. ഇത് സംബന്ധിച്ച് 27 വർഷങ്ങൾക്ക് മുമ്പ് 1972-ൽ എൽ.ഡി.എഫ്-ന്റെ ഇന്നത്തെ കൺവീനർ ശ്രീ. വി.എസ്. അച്യുതാനന്ദൻ ഈ നിയമസഭയിൽ ഒരു സ്വകാര്യ ബിൽ അവതരിപ്പിക്കുകയുണ്ടായി. സമഗ്രമായ ഒരു നിയമം അവതരിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പല അംഗങ്ങൾ ബിൽ അവതരിപ്പിച്ചിട്ടുണ്ട്. ശ്രീ. എം. മുരളി രണ്ട് തവണ അതായത് 1992-ലും 1996-ലും അവതരിപ്പിച്ചു. ശ്രീ. ഇസ്ഹാക് കുരിക്കൾ 1992-ൽ ബിൽ അവതരിപ്പിച്ചു. ഇതിനെക്കുറിച്ച് ചർച്ചകൾ നടന്നു. അവസാനമായി 1998 ഏപ്രിൽ മാസത്തിൽ ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകിയത് പെൻഷൻകാർക്ക് ആശ്വാസം നൽകുന്നതിന് ഒരു നിയമ നിർമ്മാണം ആവശ്യമാണോ, എങ്കിൽ എങ്ങനെ വേണം എന്നുള്ള കാര്യത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ന്യായമായിട്ടുള്ളത് അംഗീകരിക്കാമെന്നാണ് പറഞ്ഞത്. പ്രശ്നങ്ങൾ പരിഹരിച്ച് സമഗ്രമായ ഒരു പെൻഷൻ ബിൽ നടപ്പിലാക്കാൻ സർക്കാർ തയ്യാറായിട്ടില്ല. അത് എത്രയും വേഗം കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം അവർക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന പല ആനുകൂല്യങ്ങളും വളരെ പരിമിതമാണ്. അവരുടെ ചികിൽസാ സഹായത്തിന് ഒരു മാസം 25 രൂപയാണ് ലഭിച്ചിരുന്നത്. അത് ഇപ്പോൾ 50 രൂപയാക്കിയിട്ടുണ്ട്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം 55 വയസ്സിൽ പെൻഷനായ ഒരാൾക്ക് 60 വയസ്സാകുംപോൾ മാത്രമാണ് ഈ ചികിൽസാ സൗകര്യം നൽകിക്കൊണ്ടിരിക്കുന്നത്. 50 രൂപ അത് അവർക്ക് ഒരു മാസത്തെ ചികിൽസക്ക് തികയുകയില്ലയെന്നുള്ളത് യാഥാർത്ഥ്യമാണ്. അത് കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം. അതുപോലെ ഒരു മാസത്തെ പെൻഷൻ ഉൽസവബത്തയായി നൽകണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉറപ്പുനൽകിയിരുന്നത് ഉൽസവബത്ത അനുവദിക്കും, എത്ര ദിവസത്തെ ബത്ത അനുവദിക്കണമെന്ന കാര്യത്തിൽ മാത്രമേ ഗവൺമെന്റിന് തീരുമാനമെടുക്കാനുള്ളു എന്നാണ്. ഏതാണ്ട് നാല് മാസക്കാലമായി ഇന്നേവരെ അതുസംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. അടിയന്തിരമായി ഈ കാര്യത്തിൽ പരിഹാരമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഒരേ തസ്തികയ്ക്ക് ഒരേ പെൻഷൻ എന്ന നയം സർക്കാർ കൊണ്ടുവരണം. പത്ത് വർഷം മുൻപ് ഒരു തസ്തികയിൽ നിന്ന് റിട്ടയർ ചെയ്ത ഒരാളിന് ഇന്ന് ലഭിക്കുന്ന പെൻഷനും ഇപ്പോൾ അതേ തസ്തികയിൽ നിന്നും റിട്ടയർ ചെയ്യുന്നയാളിന് ലഭിക്കുന്ന പെൻഷനും തമ്മിൽ വളരെ വലിയ അന്തരമുണ്ട്. ആ അന്തരം കുറച്ച്, ഒരേ തസ്തികയ്ക്ക് ഒരേ പെൻഷൻ എന്ന ആവശ്യവും അനുവദിക്കാൻ തയ്യാറാകണം. അതുപോലെ പെൻഷൻകാരുടെ രണ്ട് ഗഡു ഡി.എ. കുടിശ്ശികയാണ്. ആ കുടിശ്ശിക എത്രയും വേഗം നൽകണം. ആയുസ്സ് മുഴുവൻ സർക്കാരിനുവേണ്ടി സേവനം ചെയ്ത മൂന്നുലക്ഷത്തോളം വരുന്ന ഇവരുടെ സങ്കടം പരിഹരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് മാത്രമേ എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പെൻഷൻകാരുടെ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നില്ല എന്ന വിമർശനം നിലനിൽക്കുന്നതല്ല. സർക്കാർ ജീവനക്കാരുടെ പ്രശ്നങ്ങൾ പോലെ പെൻഷൻകാരുടെ പ്രശ്നങ്ങളും അനുഭാവപൂർവമായ സമീപനമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ കൈക്കൊണ്ടുവരുന്നത്. ഈ സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തോടൊപ്പം തന്നെ സർവ്വീസ് പെൻഷൻകാരുടെ പെൻഷനും പരിഷ്ക്കരിച്ചു. 1992-ലെ Pay Equalisation Committee യുടെ Terms of Reference-ൽ പെൻഷൻകാർ ഉണ്ടായിരുന്നില്ലയെന്നോർക്കണം. ഗവൺമെന്റ് ജീവനക്കാർക്ക് ശമ്പളം പരിഷ്ക്കരിച്ച ആ തീയതിതൊട്ട് പെൻഷനും പരിഷ്ക്കരിച്ചു. അതുപോലെ ഡി.എ. പുതുക്കുകയാണെങ്കിൽ ജീവനക്കാർക്ക് കൊടുക്കുന്ന ഡി.എ. യുടെ ജി.ഒ. പുറപ്പെടുവിക്കുംപോൾ അതേ ജി.ഒ.യിൽ പെൻഷൻകാർക്കും ബാധകമാക്കിയിട്ടുണ്ട്. ഇല്ലെങ്കിൽ പെൻഷൻകാർക്ക് വേറെ ജി.ഒ. വേണ്ടിവരും. ആ രീതിയിൽ പെൻഷൻകാരോട് ക്രിയാത്മകമായ സമീപനമാണ് സ്വീകരിക്കുന്നത്. മെഡിക്കൽ അലവൻസ് 25 രൂപ വാങ്ങിയിരുന്ന സ്ഥാനത്താണ് ഇപ്പോൾ 50 രൂപ വാങ്ങുന്നത്. അപ്പോൾ അവരോട് നിഷേധാത്മകമായ നിലപാട് സ്വീകരിച്ചുവെന്ന് പറയുന്നത് ശരിയല്ല. 50 രൂപ പോരായെന്നുള്ളത് ശരിയാണ്. അതുകൊണ്ട് കൊടുത്തത് മതിയെന്നോ, അത് ആവശ്യത്തിന് മതിയെന്നോ ഞാൻ അവകാശപ്പെടുന്നില്ല. സർക്കാർ പെൻഷൻകാരുടെ ആനുകൂല്യം വർദ്ധിപ്പിക്കണമെന്നുള്ള പാതയിലാണ് നീങ്ങുന്നത്. അതിൽ യാതൊരു സംശയവുമില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർ മറ്റ് സംസ്ഥാനങ്ങളുമായി പരിശോധിക്കണം. ആസാം, ബീഹാർ, ഒറീസ, പഞ്ചാബ് തുടങ്ങിയുള്ള സംസ്ഥാനങ്ങളിലെ ജീവനക്കാർക്ക് മാസങ്ങളോളമുള്ള ശമ്പളവും പെൻഷനും കൊടുത്തിട്ടില്ല. അതാണ് സാമ്പത്തിക സ്ഥിതി. ഇവിടെ ഒരു മണിക്കൂർ തെറ്റിയാൽ എന്തായിരിക്കും സ്ഥിതി? ശമ്പള പരിഷ്ക്കരണത്തോടൊപ്പംതന്നെ സർവ്വീസ് പെൻഷൻകാരുടെ പെൻഷനും പരിഷ്ക്കരിച്ചു. പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് നിലവിൽ ഉണ്ടായിരുന്നതിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ചു. അർഹതയ്ക്കുള്ള പ്രായപരിധി നിങ്ങൾ ഭരിക്കുമ്പോൾ 65 ആയിരുന്നത് ഇപ്പോൾ 60 ആയി ചുരുക്കി. പെൻഷൻകാർക്ക് നല്ല കാര്യം ചെയ്യാൻ ഗവൺമെന്റ് ശ്രമിക്കണമെന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല. വളരെ വിനയത്തോടുകൂടി എന്നിൽ ആവാഹിക്കാൻ കഴിയുന്ന ഏറ്റവും വലിയ വിനയം ആവാഹിച്ചുകൊണ്ട് ഞാൻ പറയുകയാണ്, പ്രായം 65-ൽ നിന്ന് 60 ആക്കിയത് ഒരു മുന്നോട്ടുള്ള പോക്കാണ്. ജീവനക്കാരുടെ അവകാശമാണ് പെൻഷൻ എന്ന തത്വത്തിന് ഉപരിയായി സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്ന കാഴ്ചപ്പാടോടുകൂടി സർക്കാർ എല്ലാ നടപടിയും കൈക്കൊള്ളുന്നുണ്ട്. നിലവിലുള്ള നിയമപ്രകാരം മിനിമം പെൻഷന് അർഹതയില്ലാത്ത ജീവനക്കാർക്കുകൂടി പെൻഷൻ നൽകാനുള്ള പദ്ധതി സർക്കാർ കൊണ്ടുവന്നിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ കുറെ വയസ്സായിട്ടാണ് സർവ്വീസിൽ പ്രവേശിക്കുന്നത്. അവർക്ക് മിനിമം പെൻഷന് ക്വാളിഫിക്കേഷൻ ഉണ്ടാവുകയില്ല. അതുകൊണ്ടാണ് സർവ്വീസിൽ ചേരുന്നവർക്കുമുഴുവൻ പെൻഷൻ കൊണ്ടുവന്നത്. അതുപോലെതന്നെ പിന്നോക്കക്കാരുടെയും കാര്യം. ആ വിഭാഗങ്ങൾക്ക് പെൻഷന് ക്വാളിഫൈയിംഗ് സർവ്വീസ് 10 കൊല്ലം വേണമെന്നുള്ളത് ഇപ്പോൾ നിർബന്ധമല്ല. അത് എടുത്തുകളഞ്ഞു. അതൊരു മുന്നോട്ടുള്ള സമീപനമാണ്. അതുപോലെ പെൻഷൻ ചട്ടങ്ങൾ ലഘൂകരിക്കുകയുണ്ടായി. ഇതിനൊക്കെ ഉപരിയായി പെൻഷൻകാരുടെ സംഘടനകൾക്ക് അംഗീകാരം നൽകിയത് ഈ ഗവൺമെന്റാണ്. അവർക്ക് അംഗീകാരം ഇല്ലായിരുന്നു. ഉത്സവബത്ത കൊടുക്കുന്നുണ്ട്. അത് ഇത്ര ദിവസത്തേയ്ക്ക് കൊടുക്കണം, ഒരു മാസത്തെ പെൻഷൻ ഉത്സവബത്തയായി കിട്ടണമെന്നുള്ളതാണ് അവരുടെ ആവശ്യം. അത് ന്യായമാണ്. എല്ലാ ന്യായമായ ആവശ്യങ്ങളും ചെയ്തുകൊ

LIBRARY ARCHIVES Kerala Legislative Assembly

ടുക്കണമെന്ന് ആഗ്രഹമുണ്ട്. ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല. ഇവിടത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് എല്ലാപേർക്കും അറിയാം. "നാഴിയുരി പാലു കൊണ്ട് നാടാകെ കല്യാണം, നാലഞ്ചു തുമ്പകൊണ്ട് മാനത്തൊരു പൊന്നോണം" എന്ന രീതിയിലാണ് മുന്നോട്ടുപോകുന്നത്. പക്ഷെ ഇക്കാരണത്താൽ ഖജനാവ് പൂട്ടിയേ അടങ്ങുവെന്ന് നിർബന്ധം പിടിക്കുകയാണെങ്കിൽ എനിക്ക് നോക്കാതിരിക്കാൻ പറ്റുമോ? ഞാനും ഒരു പെൻഷണറാണ്. എനിക്കും ഗുണം കിട്ടുന്ന കാര്യമാണ്. വല്ല വകുപ്പും ഉണ്ടെങ്കിൽ ചെയ്യാതിരിക്കുമോ? ഉത്സവബത്ത ലംപായിട്ട് തന്നാൽപോരേ, ഇത്ര ദിവസത്തെയെന്നു പറഞ്ഞ് കിട്ടണം, ഒരു മാസത്തെ പെൻഷൻ വേണമെന്നാണ് ആവശ്യം. അതിന് ഒരു മാനദണ്ഡം വേണമെന്നുള്ള കാര്യം തത്വത്തിൽ ഗവൺമെന്റ് അംഗീകരിച്ചതാണ്. അത് ചെയ്യാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. അത് ചെയ്യുകയും ചെയ്യും. അതുപോലെ പെൻഷൻ ബില്ലിനെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്തു. അതിന്റെ ആവശ്യകത മനസ്സിലാക്കി യഥാവസരം അത് കൊണ്ടുവരുന്നതാണ്.

(5) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സിലെ ജീവനക്കാർ നടത്തുന്ന സമരം

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സ് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കുന്ന ഒരു പൊതുമേഖലാസ്ഥാപനമാണ്. അവിടത്തെ ജീവനക്കാരുടെ ചില കാര്യങ്ങളെക്കുറിച്ച് ഒരു ലോംഗ്ടേം സെറ്റിൽമെന്റ് ഉണ്ടാക്കി. അവരുടെ ബോണസിനെക്കുറിച്ച് തെരഞ്ഞെടുപ്പുകാലത്ത് ചർച്ച ചെയ്തു. അന്ന് താൽക്കാലികമായി ഒരു തീരുമാനമെടുത്തു. ആ തീരുമാനത്തിൽ അന്ന് പറഞ്ഞത് തൽക്കാലം കഴിഞ്ഞ കൊല്ലത്തിനു തുല്യമായ സംഖ്യ വാങ്ങാനും ബാക്കി കാര്യങ്ങൾ മന്ത്രിയും മറ്റ് ബന്ധപ്പെട്ട വ്യക്തികളും തെരഞ്ഞെടുപ്പിന്റെ ധൃതിയിൽ ആയതിനാൽ സെപ്റ്റംബർ 30-ാം തീയതിക്കുള്ളിൽ തീരുമാനിക്കാമെന്നുമാണ്. ആ കോൺഫറൻസിൽ അങ്ങേയ്ക്ക് വിശ്വസിക്കാവുന്ന അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറി ഉൾപ്പെടെയുള്ള ആളുകൾ ഉണ്ടായിരുന്നു. അങ്ങനെയെടുത്ത തീരുമാനം മാനേജുമെന്റ് കാറ്റിൽ പറത്തിരിക്കുകയാണ്. അന്ന് ഇൻസെന്റീവിനെക്കുറിച്ച് ചർച്ച ചെയ്ത് 30-ാം തീയതിയ്ക്കുള്ളിൽ തീരുമാനമെടുക്കാമെന്നു പറഞ്ഞാണ് പിരിഞ്ഞതെങ്കിലും മാനേജുമെന്റ് അത് ഫുൾ ആന്റ് ഫൈനൽ സെറ്റിൽമെന്റ് എന്ന നിലയ്ക്ക് സംഘടനകൾക്ക് ലെറ്റർ തന്നിരിക്കുകയാണ്. ഇത് സാധാരണ സഹകാര്യ മുതലാളിമാർപോലും അനുവർത്തിക്കാത്ത ഒരു നയമാണ്. ഞാൻ പ്രസിഡന്റായി ഫിനാൻഷ്യൽ എന്റർപ്രൈസസ്സ് എംപ്ലോയീസ് അസോസിയേഷൻ എന്നൊരു അസോസിയേഷൻ അവിടെയുണ്ട്. ശ്രീ. സി.ബി.സി. വാര്യർ പ്രസിഡന്റായിട്ടുള്ള ഒരു സംഘടനയുണ്ട്. അവരും സമരം ചെയ്തു. ഞങ്ങളിന്ന് സൂചനാ പണിമുടക്ക് നടത്തുകയാണ്. എന്തിനാണ് സൂചനാ പണിമുടക്ക്? ഞങ്ങളോട് മാനേജുമെന്റ് പറഞ്ഞ വാക്ക് പാലിക്കാനാണ്. ഇതുപോലുള്ള സ്ഥിതി ഈ സംസ്ഥാനത്ത് ഉണ്ടാകാൻ പാടുണ്ടോ? പെൻഷൻ പദ്ധതിയെ സംബന്ധിച്ച് വളരെക്കാലമായി ചർച്ച നടക്കുകയാണ്. അതിലും ഒരു തീരുമാനവും ആയിട്ടില്ല. ഒരു കാലത്തുമില്ലാത്ത വിധത്തിൽ ജീവനക്കാർ വളരെ ത്യാഗം സഹിച്ച് ഒരു ലോംഗ്ടേം സെറ്റിൽമെന്റ് ഉണ്ടാക്കി. ആ ലോംഗ് ടേം സെറ്റിൽമെന്റിലെ ചില കാര്യങ്ങൾ ഉടൻതന്നെ ഡിസ്കസ് ചെയ്ത് തീർക്കുമെന്ന് പറഞ്ഞിട്ട് അത് ഡിസ്കസ്

LIBRARY ARCHIVES Kerala Legislative Assembly